# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2315: 23/03/2012- ൽ മറുപടിക്ക്**

## ചെറുകിട വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. വി. ശ്രേയാംസ് കുമാർ:** | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണുദ്ദേശിക്കുന്നതെന്ന വിശദമാക്കുമോ ; | (എ) | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് (എം.എസ്.എം.ഇ. ) മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോൽസാഹന പ്രവർത്തനങ്ങൾ നടത്തുന്നു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ. ടെക്നോളജി ക്ലിനിക് തുടങ്ങിയവയിലൂടെ സംരംഭകരെ കണ്ടെത്തുന്നു. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം വേണ്ടി വരുന്ന സംരംഭകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു. കൂടാതെ സംരംഭകർ മുടക്കേണ്ട തുകയ്ക്ക് ആനുപാതികമായി മാർജിൻ മണി വായ്പ ലഭ്യമാക്കുന്നു. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിന് വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെയും, ഗ്രീൻ ചാനൽ കൗണ്ടറിലൂടെയും നൽകി വരുന്നു. വ്യവസായ സംരംഭം ആരംഭിച്ച കഴിഞ്ഞാൽ നിക്ഷേപ സബ്സിഡി നൽകുന്നു. കൂടാതെ നിലവിലുള്ള സ്ഥാപനങ്ങളുടെ ഉല്പാദന വർദ്ധനക്കും മുതൽമുടക്കിനും സബ്സിഡി നൽകി വരുന്നു. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ മേഖലയിലെ പഴം പച്ചക്കറി മേഖലയിൽ വാർഷിക വിറ്റുവരവിന്റെ 5% സബ്സിഡിയായി നൽകുന്നു. കേന്ദ്ര സർക്കാർ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് |

| | | | |
|---|---|---|---|
| | | | നൽകുന്ന ബാർ കോഡിംഗ്, ഐ.എസ്.ഐ, ഐ.എസ്.ഒ, എച്ച്.എ.സി.സി.പി. തുടങ്ങിയവ നേടുന്നതിനും ആനുകൂല്യങ്ങൾ നേടി എടുക്കുന്നതിനുമുള്ള സഹായം നൽകി വരുന്നു. സി.ജി.റ്റി. എസ്. എം.ഇ സ്കീമിൽ വായ്പ എടുക്കുന്നതിന് യൂണിറ്റുകൾ നൽകേണ്ട ഗാരന്റി ഫീസും സർവ്വീസ് ചാർജ്ജും തിരികെ നൽകുന്നു. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതുസൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു. കൂടാതെ വ്യവസായ സംരംഭങ്ങളിൽ ആൻസലറി ഉൽപന്നങ്ങളുടെ ഉല്പാദനത്തിന് ആവശ്യമായ പ്രോൽസാഹന സഹായങ്ങൾ നൽകുന്നു. |
| (ബി) | സംസ്ഥാനത്തെ വൻകിട വ്യവസായ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് പാനലിൽ എൻലിസ്റ്റ് ചെയ്യപ്പെടുന്നതിന് ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനു നടപടി സ്വീകരിക്കുമോ ? | (ബി) | കേന്ദ്ര ഗവൺമെന്റിന്റെ പ്രൊക്യൂർമെന്റ് നയത്തിന്റെ അടിസ്ഥാനത്തിൽ, സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങളെ ബോധവൽക്കരിക്കുന്നതിനായി തൃശ്ശൂർ ആസ്ഥാനമായ എം.എസ്.എം.ഇ.സി ഇൻസ്റ്റിറ്റ്യൂട്ടുമായി വ്യവസായ ഡയറക്ടറേറ്റ് സഹകരിച്ച് ബോധവൽക്കരണ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ